പുണ്യപ്രവർത്തികൾ

മനുഷ്യന്റെ ഈ ലോക ജീവിതത്തിൽ പുണ്യപ്രവർത്തികൾക്കുള്ള സ്ഥാനം എന്ത്?. അവന്റെ ജന്മാവകാശമായ രക്ഷ പുണ്യപ്രവർത്തികളുടെ ഫലമല്ല എന്ന് ബൈബിൾ വ്യക്തമായി പറയുന്നു. പിന്നെ എന്തിനാണ് സൽപ്രവർത്തികൾ മനുഷ്യൻ ചെയ്ത് കൊണ്ടിരിക്കേണ്ടത്?.

മനുഷ്യന്റെ ഈലോകജീവിതത്തിന്റെ ആത്യന്തികലക്ഷ്യം രക്ഷ അഥവാ മോക്ഷമാണ്. അത് നേടിയെടുക്കുക കഠിനമാണെങ്കിലും മനുഷ്യൻ അതിനു വേണ്ടി പരിശ്രമിക്കണം എന്നാണ് യേശുക്രിസ്തു പറഞ്ഞത്. ഇടുക്കുവാതിലിലൂടെ അകത്ത് കടക്കാൻ പോരാടുവീൻ എന്നാണ്. ഇവിടെ പ്രവർത്തി ഒരു വലിയ പോരാട്ടം തന്നെയാണ് എന്ന് യേശു പറയുന്നു. **രക്ഷ പ്രവർത്തിയുടെ ഫലമല്ല എന്നേ ബൈബിൾ പറഞ്ഞിട്ടുള്ളു, അത് നേടിയെടുക്കാൻ പ്രവർത്തി ഒന്നും വേണ്ട എന്ന് പറഞ്ഞിട്ടില്ല.**

രക്ഷ എന്നത് മനുഷ്യന് ദൈവം അച്ചാരമായി നൽകിയിട്ടുള്ളതാണ്. അഥവാ ഓരോ മനുഷ്യനും രക്ഷയിലാണ് ഇരിക്കുന്നത്. നാം ഇരിക്കുന്ന സ്ഥലത്തിനടിയിൽ വെള്ളമുണ്ട് എന്നു പറയുന്നപോലെയാണത്. നാംഇരിക്കുന്നത് വെള്ളത്തിന്റെ മുകളിലാണെങ്കിലും ദാഹത്തിന് കുടിക്കാൻ വെള്ളമില്ലാത്ത അവസ്ഥയാണിപ്പോൾ. അതുപോലെ രക്ഷയും നമ്മിൽത്തന്നെയുണ്ട്. അതിന്റെ അനുഭവം അല്പം പോലും ഇല്ല. ഇതു മനസിലാക്കാതെ പലരും രക്ഷ പ്രാപിക്കാനായി ഒന്നും ചെ യ്യേണ്ടതില്ല എന്ന് പ്രചരിപ്പിക്കുന്നത് അജ്ഞാനത്താലാണ്. ഒരു മനുഷ്യൻ വിശ്വാസിയായലും, അവിശ്വാസിയായാലും അവൻ ജനിക്കുന്നതെ രക്ഷയോടു കൂടിയാണ്, അഥവാ **രക്ഷ അവനിൽ എല്ലായിപ്പോഴും ഉണ്ട്.** പക്ഷെ അത് പ്രാപിക്കാൻ, അനുഭവവേദ്യമാകാൻ കഠിനപരിശ്രമം തന്നെ വേണ്ടിയിരിക്കുന്നു എന്നാണ് യേശുക്രിസ്തുവും പരോക്ഷമായി സൂചിപ്പിച്ചത്. **ഇടുക്കു വാതിലിലൂടെ അകത്ത് കടക്കാൻ പോരാടുവീൻ**

എന്നാൽ ഇന്ന് രക്ഷപ്രാപിക്കാൻ വളരെ വിശാലമായ ഒരു വഴി സൂത്രശാലിയായ മനുഷ്യൻ കണ്ടുപിടിച്ചു. യേശുക്രിസ്തുവിൽ വിശ്വസിക്കുക, അത്ര മാത്രം മതി ആ നിമിഷം അവൻ രക്ഷിക്കപ്പെട്ടു കഴിഞ്ഞു. ഇത് പക്ഷെ യേശുക്രിസ്തു പറഞ്ഞതുമായോ, സത്യവുമായോ ഒരു തരത്തിലും യോജിക്കുന്നില്ല. ഈ ധാരണ ഒരുപക്ഷെ ശിഷ്യന്മാരുടെ കാലത്തും ഉണ്ടായിരുന്നിരിക്കണം. അത് മാറ്റാനായി വി.യാക്കോബ് ഒരു ലേഖനം തന്നെ എഴുതുന്നുണ്ട്. വിശ്വാസത്തെക്കാൾ ഉപരി പ്രവർത്തിക്കാണ് വി.യാക്കോബ് സ്ഥാനം നൽകുന്നത്. വിശ്വാസം ആദ്യപടിയാണ്. വിശ്വാസം വരാതെ ആരും ഒന്നും പ്രവർത്തിക്കില്ല. അഥവാ പ്രവർത്തിക്കുള്ള പ്രേരണതന്നെ വിശ്വാസമാണ്. യേശുവിൽ വിശ്വാസമുള്ളവർ മാത്രമേ യേശുവിന്റെ ഉപദേശങ്ങൾക്കനുസരിച്ച് ജീവിക്കുകയുള്ളു. അതുകൊണ്ട് വിശ്വാസമാണ് ആദ്യംവേണ്ടത്.

വിശ്വാസംവന്നാൽ യേശു പറഞ്ഞതുപോലെ പ്രവർത്തിക്കും, ജീവിതം രൂപാന്തരപ്പെടും, ഒടുവിൽ ശിഷ്യൻ ഗുരുവിനേപ്പോലെയാകും. **താനും തന്റെ പിതാവായ ആത്മാവും ഒന്ന് തന്നെയാണ് എന്ന സത്യം അറിയും, അനുഭവിക്കും.** ഇതാണ് വാസ്തവത്തിൽ രക്ഷയുടെ അനുഭവം എന്ന് പറയുന്നത്. അതിനുവേണ്ടി ഒന്നും പ്രവർത്തിക്കേണ്ടതില്ല യേശുവിൽ വിശ്വസിച്ചാൽ മാത്രംമതി എന്നുധരിക്കുന്നവർ അനവധിയാണ്. യേശു പറഞ്ഞ വിശാലമായ പാത, സഞ്ചരിക്കാൻ എളുപ്പമായതും അനേകർ സഞ്ചരിക്കുന്നതുമായ പാത ഇതാണ്.

മനുഷ്യന് അസാധ്യമാണ് രക്ഷപ്രാപിക്കാൻ എന്ന് പറഞ്ഞ യേശു തന്നെയാണ്, ഇടുക്ക് വാതിലിലൂടെ അകത്തു കടക്കാൻ പോരാടുവീൻ എന്ന് പറഞ്ഞതും എന്ന് നാം ഓർമ്മിക്കണം. രക്ഷ തുച്ഛമല്ല, അതിന്റെ വില വലിയതാണ്, ഒരുവനുള്ള എല്ലാ വിലയേറിയ മുത്തും വിറ്റ് വാങ്ങേണ്ടതാണ് അത്. വി.പൗലോസ് പറയുന്നത്, യേശുക്രിസ്തുവിൽ വിശ്വസിക്ക നീ രക്ഷിക്കപ്പെടും എന്നാണ്, **രക്ഷിക്കപ്പെട്ടു എന്നല്ല** എന്നത് പ്രത്യേകം ശ്രദ്ധിക്കണം. തീർച്ചയായും വിശ്വാസം

അതിലേക്കുള്ള ആദ്യപടിയാണ്. അതിനനുസരിച്ച് പ്രവർത്തിച്ചാൽ അത് രക്ഷയിലേക്ക് നയിക്കും.

രക്ഷ എന്താണ് എന്ന് മനസിലാകാത്തതും, രക്ഷിക്കപ്പെട്ട ഒരു വ്യക്തിയുടെ അവസ്ഥ എന്ത് എന്നറിയാത്തതും, വിശാലമായ, എളുപ്പമായ വഴിയിലേക്ക്, വിശ്വാസികളെ തിരിക്കുന്നു. **എല്ലാത്തരം ബന്ധനങ്ങളിൽനിന്നുമുള്ള മോചനമാണ് രക്ഷ. എല്ലാവിധ അടിമത്തങ്ങളിൽനിന്നും മോചിക്കണം.** ഇന്ന് മനുഷ്യൻ പലതിന്റേയും അടിമയായിരിക്കെ രക്ഷിക്കപ്പെട്ടു, മോചനം നേടി എന്ന് ധരിക്കുന്നതിൽ എന്തോ പന്തികേടുണ്ടെന്ന് ചിന്തിച്ചാൽ അവർക്ക് തന്നെ ബോധ്യമാകും.

സൽപ്രവർത്തികളാണ് വാസ്തവത്തിൽ മനുഷ്യനെ രക്ഷ പ്രാപിക്കാൻ സഹായിക്കുന്നത്. അത് പക്ഷെ നേരിട്ടല്ല എന്ന് മാത്രം. പുണ്യപ്രവർത്തികളുടെ ആധിക്യത്താൽ മാത്രമെ ഒരാൾക്ക് രക്ഷ പ്രാപിക്കാനുള്ള **അടങ്ങാത്ത ദാഹം** ഉണ്ടാകുകയുള്ളു. ഇന്ന് മനസും ബുദ്ധിയുമെല്ലാം മലിനപ്പെട്ടിരിക്കയാൽ കാര്യങ്ങളെ വേണ്ടവിധത്തിൽ, കാണാനോ, മനസിലാക്കാനോ കഴിയുന്നില്ല. അതുകൊണ്ട് ആരെങ്കിലും പറയുന്നത് വിശ്വസിക്കാനല്ലാതെ സ്വയം വിശകലം ചെയ്യാൻ പോലും കഴിയുന്നില്ല.

മനസിലെ മാലിന്യങ്ങളെ നീക്കാൻ സൽപ്രവർത്തികൾ ചെയ്തേ തീരൂ. തെളിഞ്ഞ ബുദ്ധി, കളങ്കമില്ലാത്ത ചിത്തം ഇതൊക്കെ ആവശ്യമാണ്. ചുരുക്കത്തിൽ **ഹൃദയശുദ്ധിക്ക് വേണ്ടിയാണ് സൽക്കർമ്മങ്ങൾ ചെയ്യേണ്ടത്.** ഹൃദയം ശുദ്ധമാകുന്നത്, മനസ്, ബുദ്ധി, ചിത്തം, അഹംകാരം മുതലായവയെല്ലാം ശുദ്ധമാകുമ്പോൾ മാത്രമാണ്. അതുകൊണ്ട് രക്ഷ പ്രാപിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ദുഷ്ക്കർമ്മങ്ങൾ ഉപേക്ഷിക്കുകയും, സൽക്കർമ്മങ്ങൾ ആകുന്ന അത്ര ചെയ്യുകയും വേണം.

ഒരുമനുഷ്യന് നാംചെയ്യുന്നത് എല്ലാം ദൈവത്തിനുതന്നെയാണ് എന്ന് സദാ മനസിൽ ഓർമ്മയുണ്ടായിരിക്കണം. അതും ഒരു തരത്തിൽ ദൈവത്തിനുള്ള ആരാധനതന്നെയാണ് എ

ന്നറിയണം. വിശക്കുന്നവന് ആഹാരം.വസ്ത്രമില്ലാത്തവന് വസ്ത്രം, രോഗിക്ക് മരുന്ന്, പീഡിതന് ആശ്വാസം, ഇതൊക്കെ നല്കുമ്പോൾ അത് സ്വീകരിക്കുന്നത് സക്ഷാൽ ദൈവം തന്നെയാണ് എന്ന ഉറപ്പുണ്ടാകണം. അങ്ങനെ ദൈവത്തെ ആത്മാർത്ഥമായി വളരെക്കാലം സേവിക്കുന്നതിന്റെ ഫലമായി വചനം ഗ്രഹിക്കാനും, അത് പ്രാവർത്തീകമാക്കാനുമുള്ള വരം (കഴിവ്) ലഭിക്കും. ഇന്ന് വരം ലഭിക്കാത്തതിന്റെ ഫലമായി വചനം കേൾക്കും, വേണ്ടിവന്നാൽ കേൾപ്പിക്കും, പക്ഷെ ചെയ്യുക മാത്രം ചെയ്യില്ല. യേശുക്രിസ്തു പറയുന്നത്, **അടിത്തറ കേട്ടു ചെയ്യലാണ്** എന്നാണ്. വി.യാക്കോബ് പറയുന്നത് വിശ്വാസം വെറും ശരീരംമാത്രമേ ആകുന്നുള്ളൂ, അതിനെ ചേതനമാക്കുന്ന ആത്മാവ് പ്രവർത്തിയാണ് എന്നാണ്.

സൽപ്രവർത്തികളുടെ, പുണ്യപ്രവർത്തികളുടെ അഭാവം, ഇന്നത്തെ നിലയിലേക്ക് വിശ്വാസികളെ എത്തിച്ചിരിക്കുന്നു. നമ്മുടെ ആവശ്യങ്ങൾക്ക് വേണ്ടി കർത്താവേ, കർത്താവേ എന്ന് വിളിച്ചപേക്ഷിച്ച് പ്രാർത്ഥിക്കാനാണ് നാം പഠിച്ചിരിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടം നമ്മെക്കുറിച്ച് എന്തായിരിക്കും എന്ന് ആലോചിക്കാൻപോലും നമ്മുടെആഗ്രഹങ്ങളും ആവശ്യങ്ങളും നമ്മെ അനുവദുക്കുന്നില്ല. **ദൈവത്തന്റെ ഇഷ്ടത്തിന് ജീവിക്കുന്നവർക്കു മാത്രമാണ് സ്വർഗരാജ്യം,** രക്ഷയുടെ അനുഭവം എന്ന് വ്യക്തമാണ്. നാം നമുക്ക് വേണ്ടിയല്ലാതെ ദൈവത്തിനുവേണ്ടി എന്തുചെയ്തു എന്നാണ് ചിന്തിക്കേണ്ടത്.

ഈ കാണപ്പെടുന്ന പ്രപഞ്ചം വാസ്തവത്തിൽ അവന്റെ ശരീരവും, നാം ഓരോരുത്തരും അതിലെ ഓരോ ചെറിയ കോശങ്ങളുമാണ്. സൂര്യൻ അതിന്റെ സ്വധർമ്മം ചെയ്യുന്നു, അതുപോലെ ലോകത്തിൽ മനുഷ്യൻ ഒഴിച്ച് ബാക്കിയെയെല്ലം ദൈവം അതിനെ ഏല്പിച്ച പ്രവർത്തി കൃത്യമായി ചെയ്യുന്നു. അവയെല്ലാം ദൈവത്തിന്റെ ഇഷ്ടം ചെയ്യുമ്പോൾ മനുഷ്യൻ മാത്രം അവന്റെ സ്വന്ത ഇഷ്ടത്തിന്നായി ജീവിക്കുന്നു. എന്നിട്ടും രക്ഷിക്കപ്പെട്ടു കഴിഞ്ഞു എന്ന് ധരിക്കുകയും മറ്റുള്ളവരെ ധരിപ്പിക്കുകയും ചെയ്യുമ്പോൾ ആ അജ്ഞത എത്ര വലുതാണ് എന്ന് ചിന്തിക്കുക.

വാസ്തവത്തിൽ പുണ്യപ്രവർത്തികൾ ദൈവത്തിനുള്ള ആരാധനകളാണ്. ഈ പ്രപഞ്ചത്തിൽ ആത്മാവായ ദൈവം ഇല്ലാത്ത ഇടം ഇല്ല. സകല ചരാചരങ്ങളും ആ സർവ്വവ്യാപിയാൽ വ്യാപിച്ചിരിക്കുന്നു. ഈ പ്രപഞ്ചത്തിലെ ഓരോ ജീവനും ആ സർവ്വവ്യാപിയുടെ പ്രതിബിംബങ്ങൾ മാത്രം. ഓരോ ജീവനും ക്രിസ്തുവിൽ നിന്നുത്ഭവിക്കുന്നു. ബൈബിൾ പറയുന്നു. **ജീവന്റെ ഉറവിടം ക്രിസ്തുവത്രേ.** മനുഷ്യന്റെ ഓരോ പ്രവർത്തിയും ദൈവത്തിനുള്ള ആരാധനയായിരിക്കണം. അങ്ങനെ ചെയ്യുന്നവനാണ് എന്നെങ്കിലും രക്ഷ പ്രാപിക്കാനായി, ഇടുക്കവും ഞെരുക്കവുമുള്ള പാതയിലൂടെ സഞ്ചരിക്കയുള്ളു, അവൻ മാത്രമേ സ്വർഗരാജ്യത്തിലേക്ക് തുറക്കുന്ന ആ രഹസ്യവാതിൽ കണ്ടെത്തുകയുള്ളു.

വി.പൗലോസ് പറയുന്നു: സഹോദരപ്രീതി നിലനിൽക്കട്ടെ, അതിഥി സൽക്കാരം മറക്കരുത്. അതിനാൽ ചിലർ ദൈവദൂതന്മാരെ സൽക്കരിച്ചിട്ടുണ്ടല്ലോ(എബ്രാ: 13:1)

പുണ്യകർമ്മത്താൽ ദൈവത്തിന്റെ അനുഗ്രഹം ലഭിക്കുന്നു. വരം ലഭിക്കുന്നു എന്ന് ബൈബിൾ പറയുന്നത് ഇതിനെയാണ്. അതുകൊണ്ടാണ് അറിവുള്ളവർ ആവുന്നത്ര പുണ്യപ്രവർത്തികൾ ചെയ്യുന്നത്. ആത്മാവിനെയറിയാൻ തടസമായി നിൽക്കുന്നതിനെയെല്ലാം തിരിച്ചറിഞ്ഞ് അത് മാറ്റാൻ സുകൃതങ്ങൾ ചെയ്തവർക്ക് മാത്രമേ കഴിയൂ. മോക്ഷത്തിന് സഹായകമായതും, അതിന് തടസമായിനിൽക്കുന്നതുമായ കാര്യങ്ങൾ അന്വേഷിക്കാനും അതിനനുസരിച്ച് പ്രവർത്തിച്ച് ലക്ഷ്യം പ്രാപിക്കാനും പുണ്യത്തിന്റെ ഫലമായവര പ്രസാദം ലഭിക്കണം.

എല്ലാ ദുഃഖങ്ങളിൽ നിന്നും മോചനം ലഭിക്കുന്നത് ആത്മസാക്ഷാൽക്കാരത്തിലൂടെ മാത്രമാണ്. സത്യത്തെ അറിയുക, പരമാർത്ഥത്തെ അറിയുക, എന്നൊക്കെയാണ് അതിനെ പറയുന്നത്. സത്യം അറിയുമ്പോൾ മനുഷ്യൻ എല്ലാ ബന്ധനങ്ങളിൽ നിന്നും സ്വതന്ത്രനാകും എന്ന് യേശു പറഞ്ഞു.

പരമാർത്ഥജ്ഞാനത്തിന് തടസമായിനിൽക്കുന്ന ആഗ്രഹങ്ങൾ (കാമം), ക്രോധം, മോഹം, ലോഭം, ഡംഭം, മദം, മാത്സര്യം, അഹംകാരം മുതലായവയെ മാറ്റുമ്പോൾ ആത്മജ്ഞാനം ഉണ്ടാകുന്നു. അതിനായി ഒരു മനുഷ്യൻ പുണ്യകർമ്മങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. രാഗം, ദ്വേഷം, ഈർഷ്യ, അസൂയ, ദർപ്പം മുതലായ ദുർഗുണങ്ങളെ നീക്കാൻ ശ്രമിക്കണം. ദുർഗുണങ്ങളെ തള്ളി സത്ഗുണങ്ങൾ ശീലിച്ച് സത് ഗുണത്തിൽ പൂർണ്ണത പ്രാപിക്കണം എന്ന സുചനയാണ് യേശു നൽകിയത്.

കളങ്കമില്ലാത്ത ഭക്തിയാണ് വേണ്ടത്. ദൈവത്തെ സ്നേഹിക്കുന്നത് ഭക്തിയാണ്. ദൈവത്തിൽനിന്ന് എന്തെങ്കിലും ഒക്കെ ചോദിക്കുമ്പോൾ അത് നിർമ്മല ഭക്തിയല്ല. ദൈവത്തെ സ്നേഹിക്കാൻ വേണ്ടി മാത്രമുള്ള സ്നേഹമാണ് നിർമ്മല ഭക്തി. ലൗകീകമായ എന്തെങ്കിലും ദൈവത്തിൽ നിന്നും പ്രതീക്ഷിക്കുമ്പോൾ അത് നിർമ്മല ഭക്തിയല്ല, കച്ചവട ഭക്തിയാണ്, കളങ്കമാണ്.

A.U.M